**ചട്ടം 304 പ്രകാരം ശ്രീ.മോൻസ് ജോസഫ്, എം.എൽ.എ ഉന്നയിച്ച 'കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച' സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുള്ള മറുപടി**

കുറുപ്പന്തറ ആർ.ഒ.ബി

കോട്ടയം ജില്ലയിലെ കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ചുമതല സ.ഉ.(സാധാ) നം. 942/2017/പൊ.മ.വ തീയതി 10/07/2017 പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ യെ ഏൽപ്പിക്കുകയും നിർമ്മാണ പദ്ധതിയുടെ ഭാഗമായ DPR കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്ന് Order No. PWD016-03-PA-01 dtd 22.05.2018 പ്രകാരം പദ്ധതിക്കായി 30.56 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. റെയിൽവേയിൽ നിന്ന് GAD ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം കോട്ടയം ജില്ലാ കളക്ടർക്ക് RBDCK 17/07/2018 ൽ സമർപ്പിച്ചു. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സ്ഥലമേറ്റെടുത്ത് RBDCK യ്ക്ക് കൈമാറിയാലുടൻ തന്നെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ്. കിഫ്ബിയും ആർ.ബി.ഡി.സി.കെ.യും അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഈ പദ്ധതിയുടെ നിർമ്മാണം നടപ്പാക്കുന്നത്.

കടുത്തുരുത്തി ആർ.ഒ.ബി

കോട്ടയം ജില്ലയിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ചുമതല സ.ഉ.(സാധാ) നം. 942/2017/പൊ.മ.വ തീയതി 10/07/2017 പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ യെ ഏൽപ്പിക്കുകയും, നിർമ്മാണ

പദ്ധതിയുടെ ഭാഗമായ DPR കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്ന് Order No. PWD016-22/APR-4/2019/KIIFB dtd 28.06.2019 പ്രകാരം പദ്ധതിക്കായി 19.33 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.

പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം RBDCK കോട്ടയം ജില്ലാ കളക്ടർക്ക് 18.11.2019 ൽ സമർപ്പിച്ചു. പദ്ധതിയ്ക്കുള്ള GAD റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. GAD അംഗീകരിച്ചാൽ മാത്രമേ സ്ഥലമെടുപ്പിനുള്ള അതിർത്തി കല്ലുകൾ സ്ഥാപിച്ച് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സ്ഥലമേറ്റെടുത്ത് RBDCK യ്ക്ക് കൈമാറിയാലുടൻ തന്നെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ്. കിഫ്ബിയും ആർ.ബി.ഡി.സി.കെ.യും അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഈ പദ്ധതിയുടെ നിർമ്മാണം നടപ്പാക്കുന്നത്.

മാഞ്ഞൂർ ആർ.ഒ.ബി - അപ്രോച്ച് റോഡ് നിർമ്മാണം

മാഞ്ഞൂർ ആർ.ഒ.ബി നിർമ്മാണം പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി റെയിൽവേ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തിയാണ്. അപ്രോച്ച് റോഡിന് ആവശ്യമായ 0.1565 ഹെക്ടർ സ്ഥലം കോട്ടയം എൽ.എ (റെയിൽവേ) സ്പെഷ്യൽ തഹസിൽദാർ, എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുത്ത് 14/09/2020-ൽ അർത്ഥനാധികാരിയായ റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

13/1/21

13/1/2021

13/1/2021
DS

13/1/2021

13/1/21